# പതിമൂന്നാം കേരളനിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2876

15.2.2013-ലെ മറുപടിക്ക്

## വിദ്യാഭ്യാസ അവകാശ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ഗുരുദാസൻ | ശ്രീ.പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വിദ്യാഭ്യാസ അവകാശനിയമം സംസ്ഥാനത്ത് നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;<br><br>(ബി) വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം മാറ്റങ്ങളാണ് ഈ മേഖലയിൽവരുത്താൻ ഉദ്ദേശിക്കുന്നത്; | (എ)യും (ബി)യും<br><br>വിദ്യാഭ്യാസഅവകാശനിയമംസംസ്ഥാനത്ത് ഘട്ടംഘട്ടമായി നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി 6 മുതൽ 14 വയസ്സു വരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തേണ്ടതുണ്ട്. 5-ാം ക്ലാസ് എൽപിയിലേയ്ക്കും 8-ാം ക്ലാസ് യുപിയിലേയ്ക്കും കൂട്ടിചേർക്കേണ്ടതുണ്ട്. യു.പി.വിഭാഗത്തിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ പൂളിങ് നടപ്പിൽ വരുത്തിയിട്ടുണ്ട്. കുടാതെ 150 കുട്ടികളിൽ കൂടതലുള്ള ഗവ.എൽ.പി.സ്കൂളുകളിലും 100 കുട്ടികളിൽ കൂടുതലുള്ള യു.പി. സ്കൂളുകളിലും ഹെഡ്മാസ്റ്റർമാരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഗവൺമെന്റ് സ്കൂളുകളിൽ എസ്.എം.സി രൂപീകരിക്കുവാൻ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ ഉപദേശക സ്വഭാവമുള്ള കമ്മിറ്റികൾ (എസ്.എം.സി) രൂപീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതുണ്ട്. യു.ഐ.ഡി പ്രകാരം കുട്ടികളുടെ കണക്കെടുപ്പ് നടന്നുവരുന്നു. അതിനു ശേഷം അദ്ധ്യാപക വിദ്യാർത്ഥി അനുപാതം എൽ.പി സ്കുളുകളിൽ 1:30 ഉം യു.പി.സ്കൂളുകളിൽ 1:35 ഉം ആയി നിശ്ചയിച്ച് പ്രയോഗത്തിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. നിശ്ചിത ദൂരപരിധിക്കുള്ളിൽ അയൽപ്പക്ക സ്കുളുകളുടെ ലഭ്യതയും ഉറപ്പു വരുത്തേണ്ടതുണ്ട്. അതിനായി സ്കൂൾ സർവ്വെ/മാപ്പിംഗ് നടപടികൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാന അദ്ധ്യാപകപാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി എത്ര പ്രൊട്ടക്ടഡ് അദ്ധ്യാപകരെ യാണ് ടീച്ചേഴ്സ് ബാങ്കിലേക്ക് മാറ്റിയത്; | (സി) | 2939 പ്രൊട്ടക്ടഡ് അദ്ധ്യാപകരെയാണ് ടീച്ചേഴ്സ് ബാങ്കിലേക്ക് മാറ്റിയത് |
| (ഡി) | ഇങ്ങനെ ടീച്ചേഴ്സ് ബാങ്കിലേക്ക് മാറ്റപ്പെടുന്നഅദ്ധ്യാപകർക്ക് പുനർ നിയമനം നൽകുന്ന അവസര ത്തിൽ അതുവരെയുള്ള സേവന കാലം പരിഗണിച്ചുള്ള വേതനം നിശ്ചയിച്ച് നൽകുന്നുണ്ടോ ? | (ഡി) | 2939 പ്രൊട്ടക്ടഡ് അദ്ധ്യാപകർക്ക് ശമ്പളം നല്കുന്നതിന് നിലവിൽ തടസ്സങ്ങളില്ലാ ത്തതാണ്. |

സെക്ഷൻഓഫീസർ